# ശ്രീനാരായണ ഹയർ സെക്കന്ററി സ്കൂൾ

## തൃക്കണാർവട്ടം

# പ്രയാണം.odt



## "ലിറ്റിൽ കൈറ്റ്സ് - 2019 - 20"

# ആമുഖം

ശ്രീനാരായണ ഹയർസെക്കന്ററി സ് കൂളിലെ ഐ റ്റി ക്ലബായ ലിറ്റിൽ കൈറ്റ്സിലെ കുട്ടികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ എല്ലാവരുടെയും മുന്നിൽ സമർപ്പിക്കുന്നു. കുട്ടികളുടെ സൃഷ്ടികളായ കഥകളും കവിതകളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. രണ്ടാം തവണയാണ്  ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നത്. കുട്ടികളുടെ മലയാളം ടൈപ്പിങ്ങിലുള്ള പ്രാവീണ്യം വർദ്ധിപ്പിക്കുകയാണ് ഡിജിറ്റൽ മാഗസിൻ നിർമ്മാണത്തിലൂടെ ഉദ്ദേശിക്കുന്നത്. ഡിജിറ്റൽ മാഗസിൻ നിർമ്മിക്കാൻ  പരിശ്രമിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് കുട്ടികൾക്കും അഭിനന്ദനങ്ങൾ.

ബിന്ദു ജെ

ഹെഡ്മിസ്ട്രസ്സ്

പത്രാധിപർ : വിവേക് കുമാർ

പത്രാധിപസമിതി : ചന്ദ്രപ്രകാശ്

ആരുഷ്

ആൽഫി

രോഹൻ

മരിയ ഷിബു

സോജ ജിജി

ചീഫ് എഡിറ്റർ : ബിന്ദു ജെ (എച്ച് എം)

സ്റ്റാഫ് എഡിറ്റർ : നിഷാ നായർ

സ്റ്റുഡന്റ് എഡിറ്റർ : വിവേക് കുമാർ

ലിറ്റിൽ കൈറ്റ്സ് മിസ്ട്രസസ്സ് : രാജലക്ഷ്മി സി കെ

സലിദ പി പി

# ഉള്ളടക്കം

കഥകൾ

കവിതകൾ

ചിത്രങ്ങൾ

## പേമാരി

പെയ്തിട്ടും പെയ്തിട്ടും മതിയാവാതെന്തേ
പേമാരി കരിമുകിലെ നീ നീന്ന ചിണുങ്ങുന്നു
നീയെന്റെ നാട്ടിട വഴിയിൽ നിന്നു പതുങ്ങുന്നു
നീയെന്റെ പുരയുടെ മുകളിൽ താളമടിക്കുന്നു
നീ പരതിൻ തെങ്ങോലകളുടെ തൊങ്ങലുലയ്ക്കുന്നു
നീ ഊതി തളിർമാവുകളുടെ പീലികൊഴിക്കുന്നു
നീ ഇനിയുംപ്പെയ്യാൻ നിന്നാൽ മാരികരിമുകിലെ
ഞാൻ എങ്ങനെ പോകും പറയുപള്ളിക്കൂടത്തിൽ

അനശ്വര
9A

# ഭക്തനും ദൈവവും

ഒരിടത്ത് ഒരു ഈശ്വരഭക്തനുണ്ടായിരുന്നു . പ്രാർത്ഥനകൊണ്ട് എല്ലാം നേടാമെന്ന് അയാൾ ഉറച്ചു വിശ്വസിച്ചിരുന്നു . ഒരു ദിവസം അയാൾ യാത്ര പോകുകയായിരുന്നു .ക്ഷീണം മാറ്റാൻ ഒരു മരത്തണലിൽ ഇരിക്കുമ്പോൾ അതിനു ചുറ്റും ഒരു പ്രാപ്പിടിയൻ ചുറ്റിപ്പറക്കുന്നതു കണ്ടു . ആ മരത്തിൽ ഒരു കിളിക്കൂടുണ്ടായിരുന്നു . അതിൽ നാലു കിളിക്കുഞ്ഞുങ്ങളുമുണ്ടായിരുന്നു . അതിന്റെ അമ്മക്കിളി അവിടെയെങ്ങുമുണ്ടായിരുന്നില്ല .
പ്രാപ്പിടിയൻ കിളിക്കൂട്ടിലേക്കു പറന്നിറങ്ങി . അത് കിളിക്കുഞ്ഞുങ്ങളെ റാഞ്ചാൻ പോകുകയാണെന്നാണ് അയാൾ കരുതിയത്. പക്ഷേ , സംഭവിച്ചത് മറ്റൊന്നായിരുന്നു . പ്രാപ്പിടിയൻ കിളിക്കുഞ്ഞുങ്ങളുടെ വായിൽ തീറ്റവെച്ചു കൊടുത്തിട്ട് പറന്നുയർന്നു . തീരെ ദുർബലമായ കൂടായിരുന്നു അത്. പ്രാപ്പിടിയന് കൂട്ടിലിരുന്ന് തീറ്റകൊടുക്കാൻ കഴിയുമായിരുന്നില്ല . അതുകൊണ്ടായിരുന്നു അത് വായുവിൽ പറന്നു നിന്ന് തീറ്റകൊടാത്തിരുന്നത്.
അതുകണ്ടപ്പോൾ ഭക്തന്റെ കണ്ണ് നിറഞ്ഞുപോയി . "ഈശ്വരൻ എത്ര കാരുണ്യവാനാണ്. അവൻ നല്ലവരെ ഒരിക്കലും കൈവിടില്ല" . അതാണ് എനിക്ക് ഈ ഉദാഹരണത്തിലൂടെ കാട്ടിത്തന്നത്.

ഭവ്യ ബാബു
9 C

# ജീവൽസ്പന്ദനങ്ങൾ

എന്റെ ഭൂമിയായ് വെള്ളമായ് വായുവായ്
എന്റെ നിത്യനിദാനമാം സ്നേഹമേ
നെഞ്ചിൽ നിർവീഴ്ച ഞെക്കി ഞെരുകവേ
നെല്ലരിത്തിള വെള്ളപ്പകർച്ചയായ്
എൻ മുറിപ്പാട്ട പൊത്തിപ്പൊതിഞ്ഞിട്ടും
പഞ്ഞിയായ് നേർത്ത ശിലയായ്
എന്റെ വേരിന്റെ മണ്ണിൽ വളങ്ങളായ്
എന്റെ ചില്ലയ്ക്കു സൂര്യപ്രകാശമായ്
എന്റെ അന്നമായ് ഉപ്പായ് അനച്ചമായ്
എന്റെ നിത്യനിദാനമാം സ്നേഹമേ

അനുഷ പി എസ്
IX A

# ഭാഗ്യം വന്ന വഴി

കിട്ടപ്പയും ബോലപ്പയും അയൽക്കാരായിരുന്നു.കിട്ടപ്പ കുറേ പശുക്കളെ വളർത്തിയിരുന്നു.പശുവിന്റെ പാൽ വിറ്റു കിട്ടുന്ന പണം കൊണ്ട് കിട്ടപ്പ സന്തോഷത്തോടെ ജീവിച്ചുപോന്നു.

ബോലപ്പയ്ക്ക് കിട്ടപ്പയോട് അസൂയയായിരുന്നു. 'കിട്ടപ്പയ്ക്ക് രാജാവിൽ നിന്ന് എന്തെങ്കിലും ശിക്ഷ വാങ്ങിക്കൊടുക്കണം!' അസൂയ മൂത്ത ബോലപ്പ കണക്ക് കൂട്ടി.

ബോലപ്പ ഒരു ദിവസം പാതി രാത്രി കിട്ടപ്പയുടെ വീട്ടിലെത്തി.തൊഴുത്തിൽ നിന്ന് ഒരു പശു വിനെയും അഴിച്ച് ബോലപ്പ രാജ  കൊട്ടാരത്തിലെ പൂന്തോട്ടത്തിൽ കൊണ്ടുവിട്ടു.പശു ചെടികളെല്ലാം തിന്നു തീർക്കാൻ തുടങ്ങി.

'ഹി,ഹി,രാജാവിൽനിന്ന് കിട്ടപ്പയ്ക്ക് നല്ല ശിക്ഷ കിട്ടിയതു തന്നെ!'അങ്ങനെ മനസ്സിൽ പറഞ്ഞ് ബോലപ്പ വേഗം അവിടെനിന്നുമുങ്ങി.

കുറച്ചു കഴിഞ്ഞപ്പോൾ,പെരും കള്ളന്മാരായ പൊന്നയ്യനും കണ്ണയ്യനും ഖജനാവ് കൊള്ളയടിക്കാൻ കൊട്ടാരത്തിലെത്തി.നോക്കുമ്പോൾ അതാ,ഒരു പശു കൊട്ടാരവളപ്പിലൂടെ നടക്കുന്നു!

"ഇതെങ്ങനെ ഇവിടെയെത്തി?ആ പശുവിനെ പിടിച്ച് കൊട്ടാരത്തിന് പുറത്താക്ക്.പശുവെങ്ങാൻ കരഞ്ഞാൽ നമ്മുടെ പദ്ധതി പൊളിയും!" പൊന്നയ്യൻ കണ്ണയ്യനോട് പറഞ്ഞു.

കണ്ണയ്യൻ പശുവിന്റെ കയറിൽ പിടിച്ച് വലിക്കാൻ തുടങ്ങി. ദേഷ്യം വന്ന പശു 'മ്പേ...മ്പേ...'എന്ന് ഉറക്കെ കരയാൻ തുടങ്ങി. പശുവിന്റെ കരച്ചിൽ കേട്ട് രാജഭടന്മാർ ഓടിയെത്തി.

രക്ഷപ്പെടാൻ ശ്രമിച്ച പൊന്നയ്യനെയും കണ്ണയ്യനെയും ഭടന്മാർ പിടിച്ചു കെട്ടി രാജാവിന്റെ മുന്നിൽ ഹാജരാക്കി.പെരുംകള്ളന്മാരെ പിടിക്കാൻ സഹായിച്ചത് പശുവല്ലേഫ ആ പശുവിന്റെ ഉടമയായ കിട്ടപ്പയ്ക്കും രാജാവ് കുറെ സമ്മാനങ്ങളുമായി സന്തോഷത്തോടെ കൊട്ടാരത്തിൽനിന്ന് തിരിച്ചു വരുന്ന കിട്ടപ്പയെ കണ്ട് ബോലപ്പ ഇളിഭ്യനായി.

സബീൽ
9 B

# തത്തക്കൊത്ത്

വിത്തുകളൊത്തിരി കുട്ടയിലാക്കി
പാടത്തെത്തി മാത്തുണ്ണി.
വിത്തുകളെല്ലാം വിതറിയശേഷം
ഒന്നു മയങ്ങി മാത്തുണ്ണി.
തത്തകളൊത്തിരി പാത്തുപതുങ്ങി
പാടത്തെത്തീ പെട്ടെന്ന്.
വിത്തുകളത്രേം കൊത്തിത്തിന്നി
ട്ടൊത്തു പറന്നവർ മേലേക്ക്.

ആരുഷ് എം എസ്
IX A

# കോഴിയമ്മ രക്ഷിച്ചു

കോഴിയമ്മയ്ക്ക് മൂന്ന് മക്കൾ ഉണ്ടായിരുന്നു. മഹാ അഹങ്കാരികൾ ആയിരുന്നു അവർ. ഒരു ദിവസം കോഴിയും മക്കളും തീറ്റ തേടി ഇറങ്ങി ."ദൂരേക്കു പോകരുത് വലിയ അപകടമാണ്". കോഴി പറഞ്ഞു. പക്ഷെ അഹങ്കാരികളായ മൂന്ന് കുഞ്ഞുങ്ങൾ കോഴി കാണാതെ ദൂരേക്ക് നടന്നു.

പെട്ടെന്ന് ഒരു കഴുകൻ അവിടെ എത്തി.മൂന്ന് കുഞ്ഞുങ്ങൾ കരഞ്ഞു കൊണ്ട് അവരുടെ അമ്മയുടെ അടുത്തെത്തി. കോഴിചിറകിനടിയിൽ അവരെ ഒളിപ്പിച്ചു . ഇതുകണ്ട് കഴുകൻ പറന്നു പോയി. അമ്മേ ഞങ്ങളോട് ക്ഷമിക്കണെ കുഞ്ഞുങ്ങൾ പറഞ്ഞു. പിന്നീട് ഒരിക്കലും കുഞ്ഞുങ്ങൾ അനുസരണക്കേട് കാട്ടിയിട്ടില്ല .

വിവേക് കുമാർ
IX B

## ഹൃദയം

## പറഞ്ഞതെന്തെന്നാൽ......

"മടിച്ചു നിൽക്കയോ, ഹൃദയമേ, നിന്റെ
മിടിപ്പുകൊണ്ടു നീ മടുത്തുപോകയോ?
പറയൂ നീ നിന്റെ പഴയമാതിരി
തുടിപ്പും തുഷ്ടിയും മറന്നുപോകയോ?"

"പറയുവാനല്പം മടിയുണ്ടെങ്കിലും
പറയേണ്ടകാലം അടുത്തുപോയി സർ
വളരെ നാളായി മിടിക്കുന്നു ഞാനി-
പ്പഴയ കൂട്ടിലെയിണക്കില്ലോലെ
തടിച്ച ദു:ഖങ്ങൾ തകർത്തു പെയ്ത നാൾ
തരുണ സൗഖ്യങ്ങൾ തടവി നിന്ന നാൾ
തുടിച്ചു ഞാനകം തുടുത്തുവേണ്ടപോൽ

മിടിച്ചുപോന്നതും മറക്കരുതു സർ.
കഴിവുപോലെ ഞാൻ തുടരുമെങ്കിലും
വഴിയിലെപ്പോഴെന്നറിയുകില്ല സർ."
"ശരി ഹൃദയമേ,നിനക്കു നന്ദി മു-
ന്നറിവു തന്നതിൽ കൃതജ്ഞനാണു ഞാൻ
മിടിപ്പുകൾക്കിടയ്ക്കനന്തകാലങ്ങൾ
ചിലപ്പോഴൊക്കെ ഞാൻ ശ്രവിച്ചുവെങ്കിലും
ശരിക്കു നീ ചെയ്തൊരുപകാരം മേലിൽ
മറക്കുകി,ല്ലെനിക്കൊരേ സുഹൃത്തു നീ!"

ദേവിക

9B

# സഫലമീയാത്ര

ആർദ്രമീ ധനുമാസരാവിലൊന്നിൽ
ആതിരവരും, പോകു,മല്ലേ സഖീ? ഞാനീ
ജനലഴി പിടിച്ചൊട്ടു നിൽക്കട്ടെ; നീയെ-
ന്നണിയത്തുതന്നെ നിൽക്കു, ഇപ്പഴങ്ങു-
ടൊരു ചുമയ്ക്കുടിയിടറിവീഴാം.

വ്രണിതമാം കണ്ഠത്തിലിന്നു നോവിത്തിരി-
ക്കുറവുണ്ട്, വളരെ നാൾക്കൂടി
നേരിയ നിലാവിന്റെ പിന്നിലെയനന്തതയി-
എന്നോ പഴകിയോരോർമ്മകൾ മാതിരി,
നിന്നു വിറയ്ക്കുമീയേകാന്തതാരകളെ
ഞാനൊട്ടു കാണട്ടെ, നീ തൊട്ടുനിൽക്കു.
ഓരോ നിറംകൊണ്ടു നേരമളന്നും
ഓരോ രവംകൊണ്ടു രൂപമറിഞ്ഞും
ഓരോ മരുന്നുകളിലന്തികളിഴഞ്ഞും

ഒരു കരസ്പർശത്തി,ലൊരു നേർത്ത തേങ്ങലി-
ലിരവിൻ വ്രണങ്ങളിൽ കുളിരു ചുറഞ്ഞും
കുഴയുമീ നാളുകളി,ലൊച്ചയുണ്ടാക്കാതെ-
യാതിരവരുന്നുവെന്നോ, സഖീ?

.

ആതിരവരുന്നേരമൊരുമിച്ച കൈകൾ കോർ-
ത്തെതിരേൽക്കണം നമുക്കിക്കുറി; വരുംകൊല്ല-
മാരെന്നു,മെന്തെന്നു,മാർക്കറിയാം!

മരിയ ഷിബു
9 A

# പ്രവചനം

വന്നുപിറന്നിതാ ഭാരതഭ്രൂമിയിൽ
ഒട്ടുതെക്കൊരാസഹ്യന്റെ മാറിലായ്
പുൽകുന്നു ദിക്കുകൾ മൂന്നിനെ വാരിധി
പശ്ചിമഘട്ടത്തെ പുണരുന്ന മാമല
പ്രക്രുതിവരത്താൽ ഹരിതാഭതിങ്ങിടും
കേരളനാടിന്നു സൗധത്താൽ തിങ്ങുന്നു
മർത്ത്യന്റെ ഭാവന സൗധത്താൽ നിറയുമ്പോൾ
തിങ്ങി ഞെരിയുന്നു പ്രകൃതിചലനവും
വന്നുഭവിച്ചിടും ധരണീകോപത്താൽ
വാരിധി പുൽകിടും കേരള നാടിനെ

ഷഹല ഷിറിൻ
9 B

# വലയിൽപെട്ട പ്രാവുകൾ

ഒരിക്കൽ ഒരു വേടൻ പ്രാവുകളെ പിടിക്കാൻ വലവെച്ചു. വലയ്ക്ക് ചുറ്റുമുള്ള ധാന്യങ്ങൾ കൊത്തിക്കൊത്തിത്തിന്ന് ഒരുകൂട്ടം പ്രാവുകൾ വലയ്ക്കകത്ത് കയറി.

വലയിൽനിന്ന് ഇനി പുറത്തുകടക്കാൻ പറ്റില്ലെന്ന് മനസിലായപ്പോൾ പ്രാവുകളുടെ നേതാവ് പറഞ്ഞു:

"നമുക്ക് എല്ലാവർക്കും കൂടി ഈ വലയും കൊണ്ട് പറക്കാം. വൺ- ടൂ- ത്രീ-."

പ്രാവുകൾ ഒന്നിച്ച് പറന്നുയർന്നു. വലക്കെണിവെച്ച് പ്രാവുകളെ പിടിച്ച് തിന്നാൻ കൊതിച്ച് കാത്തിരുന്ന വേടൻ അത്ഭുതപ്പെട്ടു. അയാൾ വായും തുറന്ന് മേലോട്ട് നോക്കിയിരിപ്പായി. ഇത്ര ഒത്തൊരുമയോടെ പ്രാവുകൾ വലയും പൊക്കി പറന്നുപോകുമെന്ന് അയാൾ ഒരിക്കലും ചിന്തിച്ചിരുന്നില്ല.

"പ്രാവുകളെ കിട്ടിയില്ലെങ്കിൽ വേണ്ട വല തിരിച്ചുകിട്ടിയെങ്കിൽ മതിയായിരുന്നു" എന്ന് പറഞ്ഞ് വേടൻ തലയിൽ കൈവെച്ചിരിപ്പായി.

പ്രാവുകൾ പറന്ന് ഒരു എലിമാളത്തിനരികിലെത്തിയപ്പോൾ താഴെയിറങ്ങി. അവർ ഒച്ചയെടുത്ത് എലികളെ വിളിച്ചു. രണ്ട് എലികൾ പുറത്തുവന്നു.

വല കടിച്ചുമുറിച്ച് തങ്ങളെ രക്ഷിച്ചാൽ എലികൾക്ക് കുറെ ധാന്യം കൊണ്ടുവന്ന് കൊടുക്കാമെന്ന് പ്രാവുകൾ പറഞ്ഞു.

എലികൾ പ്രാവുകളെ രക്ഷിക്കാൻ തയ്യാറായി. അവർ വേഗം തന്നെ വലയുടെ കണ്ണികൾ കടിച്ചുമുറിച്ച് പ്രാവുകളെ രക്ഷപ്പെടുത്തി.

പ്രാവുകൾ നന്ദിപറഞ്ഞ് പറന്നുപോയി.

പിറ്റേന്ന് എലികൾക്ക് അവർ കുറെ ധാന്യമണികൾ കൊണ്ടുവന്ന് സമ്മാനിച്ചു.

സോജ ജിജി

9 B

# പ്രളയം

പുഴയൊഴുകിയ വഴികളൊക്കെയു
മതിരുകല്ലുകൾ പാകിനാം
കുന്നിടിച്ചു നിരത്തിനാം
പുഴകളൊക്കെ നികത്തിനാം
പണിതുകൂട്ടിരമ്യഹർമ്യം
കൃഷിനിലങ്ങൾ നികത്തി നാം
മലചുരത്തിയ നീരുരവകൾ
അണകൾ കെട്ടി അടച്ചുനാം
ദാഹനീരതുമൂറ്റിവിറ്റു നേടി
കോടികളിണ്ണനാം
ഭൂമിതന്നുടെ നിലവിളി
അതുകേട്ടതില്ല അന്നുനാം

പ്രകൃതി  തന്നുടെ  സങ്കടം അണ
നിറഞ്ഞൊരു നാളിൽ നാം
പകച്ചുപോയി പ്രളയമെന്നൊരു
മാരി തന്നുടെനടുവിൽ നാം
കൈപിടിച്ചു കയത്തിലായൊരു
ജിവിതം തിരികെ തരാൻ
ഒത്തു ചേർന്നു  നമ്മളൊന്നായ്
ഒരു  മനസ്സായ് അന്നുനാം
ജാതിചിന്തകൾ വർഗ്ഗവൈരികൾ
ഒക്കെയന്നു മറന്ന നാം
ഇനിയൊരിക്കലൊരൊത്തു ചേരലി
നൊരു ദുരന്തം കാക്കണോ ?

ചന്ദ്രപ്രകാശ്

9 B

# ഓലേഞ്ഞാലി

ഓലേഞ്ഞാലിപ്പെണ്ണേ വാ
ഓരോ കഥകൾ പറയാൻ വാ
ഓരോ തെങ്ങു ചിരിക്കുന്നു
ഓലകൾ വീശി വിളിക്കുന്നു


ഓലേഞ്ഞാലിപ്പെണ്ണേ വാ
ഓലപ്പീപ്പി വിളിക്കാൻ വാ
ഓരോ ചില്ലകൾ വീശുന്നു
ഒരു തൈമാവു വിളിക്കുന്നു

ഓലേഞ്ഞാലിപ്പെണ്ണേ വാ
ഒന്നെന്നരികിലിരിക്കാൻ വാ
തമ്മിൽക്കളിചിരിയുണ്ടായാൽ
നമ്മൾക്കെന്തൊരു സന്തോഷം

രോഹൻ
9A

## ഓണാഘോഷത്തോടനുബന്ധിച്ച് നടത്തിയ അത്തപ്പൂക്കളവും ഡിജിറ്റൽ പൂക്കളവും








വയോജനദിനാചരണം



കാർഷിക ക്ലബ് ഉൽഘാടനം



## കൈയ്യെഴുത്ത് മാസിക പ്രകാശനം




## സ് കൂൾ യുവജനോൽസവം സ



<u>വീഡിയോ കോൺഫ്രറൻസ്</u>



<u>ലിറ്റിൽകൈറ്റ്സ് - ഉപജില്ല ക്യാമ്പ്</u>



# നന്ദി

ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുവാൻ സഹായിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും, ഞങ്ങൾക്ക് നേതൃത്വം നൽകിയ ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സുമാരായ രാജലക്ഷ്മി ടീച്ചർക്കും,സലിദ ടീച്ചർക്കും, സ്റ്റാഫ് എഡിറ്ററായ നിഷ ടീച്ചർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

വിവേക് കുമാർ

സ്റ്റുഡന്റ് എഡിറ്റർ